**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6031** **09-11-2021 - ൽ മറുപടിയ്ക്ക്**

**വനംവകുപ്പിന്റെ ആധുനികവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനംവകുപ്പിന്റെ ആധുനികവത്കരണത്തിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി HAWK (Hostile Activity Watching Kernel) എന്ന ഒരു ഓൺലൈൻ മൊഡ്യൂൾ വികസിപ്പിച്ചുവരുന്നു. ഈ സംവിധാനത്തിൽ പൊതുജനങ്ങളുടെ കൂടി സഹകരണത്തോടു കൂടി വനം കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റകൃത്യങ്ങൾ, സ്ഥിരം കുറ്റവാളികൾ എന്നിവയെ സംബന്ധിച്ച ഡേറ്റ ബേസും ലഭ്യമാകുന്നതാണ്. സർപ്പ എന്ന പേരിൽ ഒരു ആൻഡ്രോയ്ഡ് മൊബൈൽ ആപ്പ് നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ സൗകര്യം മുഖേന പൊതുജനങ്ങൾക്ക് പാമ്പുകളെ കണ്ടാൽ ആ വിവരം ടി മൊബൈൽ ആപ്പിലൂടെ റിപ്പോർട്ട് ചെയ്യാവുന്നതാണ്. കൂടാതെ ഓരോ സ്ഥലത്തേയും ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ വിവരങ്ങളും ലഭ്യമാകുന്നതാണ്. കൂടാതെ പാമ്പിന്റെ ശല്യമുള്ള പ്രദേശത്ത് പാമ്പ് പിടിക്കുന്നതിന് പരിശീലനം ലഭിച്ച ആളുകളുടെ വിവരങ്ങളും ഈ ആപ്പ് മുഖേന പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. വനം വകുപ്പ് ഐ.റ്റി.മിഷന്റെ സഹായത്തോടെ ലഭ്യമാക്കിയിട്ടുള്ള ജിയോ പോർട്ടൽ എന്ന സംവിധാനം, Geographic Information System ഉപയോഗപ്പെടുത്തി വനം വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഭൂപടങ്ങൾ വനസംരക്ഷണത്തിനായി വനം സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കാട്ടുതീ പ്രതിരോധത്തിനും, കഞ്ചാവ് കൃഷി, വനം കയ്യേറ്റങ്ങൾ എന്നിവ യഥാസമയം കണ്ടെത്തുന്നതിനും ഡ്രോൺ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷമുള്ള പ്രദേശങ്ങളിലും ഡ്രോൺ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നുണ്ട്. കാട്ടുതീ യഥാസമയം കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിനും ഉപഗ്രഹ സഹായത്തോടെ പ്രവർത്തിക്കുന്ന ഫോറസ്റ്റ് ഫയർ അലർട്ട് സിസ്റ്റം ഫോറസ്റ്റ് സർവ്വെ ഓഫ് ഇൻഡ്യ വികസിപ്പിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതാണ്. ഈ സംവിധാനം കേരള വനം വകുപ്പും ഫലപ്രദമായി ഉപയോഗിച്ചുവരുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വാങ്ങി ഉപയോഗിച്ചു വരുന്നുണ്ട്. 2019-20 സാമ്പത്തികവർഷത്തിൽ, മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നേരിടുന്നതിനായി 12 ബോർ പമ്പ് ആക്ഷൻ ഗൺ 50 എണ്ണം വാങ്ങുകയും നിലവിൽ ഉപയോഗിച്ചുവരികയും ചെയ്യുന്നു. നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ 16 ഫോറസ്റ്റ് സ്റ്റേഷൻ സമുച്ചയങ്ങളുടെയും, 14 ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റുകളുടെയും നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| (ബി) | വനംകൊള്ള തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് പുറമെ കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ വനപ്രദേശങ്ങളിലും വനത്തിനുള്ളിലും പട്രോളിംഗ്, ക്യാമ്പുകൾ, സംയുക്ത റെയ്ഡുകൾ, രാത്രികാല പരിശോധന എന്നിവ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ വനംകൊള്ളയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കേസുകളുടെ നടത്തിപ്പ് വേഗത്തിലാക്കി സ്ഥിരം കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ മറുപടി എ യിൽ പരാമർശിക്കപ്പെട്ട ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തിയും വനംകൊള്ള തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ